ചെറുകഥ

# ഗണിതശാസ്ത്രം

**സാംജീവ്**

രവിമാസ്റ്ററുടെ പേരക്കുട്ടിയാണ് രാമൻ, അതായത് മകന്റെ മകൻ. കൌമാരക്കാരനായ രാമൻ പത്താംതരത്തിലാണ് പഠിക്കുന്നത്, ആൽബർട്ടാ ഹൈസ്ക്കൂളിൽ. അമേരിക്കയിലെ ഒരു പട്ടണത്തിലാണ് ആ പ്രശസ്തമായ വിദ്യാഭ്യാസസ്ഥാപനം സ്ഥിതിചെയ്യുന്നത്.

കേരളത്തിലെ പ്രശസ്തമായ യൂണിവേഴ്സിറ്റി കാളേജിൽ നിന്നും അടുത്തൂൺപറ്റി പിരിഞ്ഞ ഗണിതാദ്ധ്യാപകനാണ് രവിമാസ്റ്റർ. ഇപ്പോൾ അമേരിക്കയിൽ താമസിക്കുന്നു.

ഒരു ദിവസം മകനും മരുമകളും രവിമാസ്റ്ററുടെ വീട്ടിൽ വന്ന് സങ്കടം പറഞ്ഞു.

"രാമന് കണക്കാണ് ഏറ്റവും പ്രയാസമുള്ള വിഷയം. ക്ലാസ്സിൽ അവനേറ്റവും പിറകിലാണ് കണക്കിന്. അച്ഛൻ ഒന്നു സഹായിച്ചാൽ നല്ലതാണ്."

മകന്റെയും മരുമകളുടെയും മുഖത്ത് നിഴലിച്ച നിരാശ രവിമാസ്റ്റർ വായിച്ചറിഞ്ഞു.

മുപ്പതുവർഷം യൂണിവേഴ്സിറ്റി കാളേജിൽ ഗണിതാദ്ധ്യാപകനായിരുന്ന രവിമാസ്റ്റർ സ്വന്തം പേരക്കുട്ടിയെ കണക്ക് പഠിപ്പിക്കാൻ തീരുമാനിച്ചു. ഗണിതശാസ്ത്രത്തിന് പല ശാഖകളുണ്ട്. രവിമാസ്റ്റർക്ക് പല ചോദ്യങ്ങൾ ഉണ്ടായിരുന്നു.

എവിടെയാണ് തുടങ്ങേണ്ടത്?

രാമന് ഏറ്റവും പ്രിയപ്പെട്ട ഗണിതവിഭാഗം ഏതാണ്.

രാമന് ഏറ്റവും പ്രയാസമുള്ള ഗണിതവിഭാഗം ഏതാണ്?

അമേരിക്കയിലെ ഹൈസ്ക്കൂളുകളിൽ പഠിക്കേണ്ട ഗണിതശാഖകൾ ഏതൊക്കെയാണ്?

രാമൻസാറിന്റെ മകനോ മരുമകൾക്കോ ചോദ്യങ്ങൾക്കൊന്നും ശരിയായ ഉത്തരമുണ്ടായിരുന്നില്ല.

രവിമാസ്റ്റർക്ക് രോഗമെന്താണെന്ന് മനസ്സിലായി. മകനും മരുമകളും രാമന്റെ വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുന്നില്ല. അവർക്കതിന് നേരമില്ല.

രാമനോട് തന്നെ ചോദിച്ചുകളയാം. രാമൻ മുത്തച്ഛന്റെ ചോദ്യങ്ങൾക്കൊന്നും വേണ്ടവിധത്തിൽ മറുപടി പറഞ്ഞില്ല.

“അടയ്ക്കാ മടിയിൽ വയ്ക്കാം. കമുകായാൽ മടിയിൽ വയ്ക്കാൻ പറ്റുമോ?”

കല്യാണിക്കുട്ടിയമ്മ ചോദിച്ചു. രവിമാസ്റ്ററുടെ പത്നിയാണവർ.

കുഞ്ഞുങ്ങളെ ചെറുപ്രായത്തിൽ തന്നെ ശ്രദ്ധാപൂർവം നിയന്ത്രിച്ച് വളർത്തണം. അല്ലെങ്കിൽ അവർ കൈവിട്ടുപോകും. അതാണ് കല്യാണിക്കുട്ടിയമ്മ പറഞ്ഞ പഴഞ്ചൊല്ലിന്റെ അർത്ഥം.

“അച്ഛനും അമ്മയും ഒരു കാര്യം മനസ്സിലാക്കണം. ഇത് കേരളമല്ല, അമേരിക്കയാണ്. ഇവിടെ പിള്ളാരെ സ്പൂൺഫീഡ് ചെയ്ത് പഠിപ്പിക്കാൻ പറ്റുകയില്ല.”

അച്ഛനും അമ്മയും പ്രതികരിച്ചില്ല. മകൻ പറഞ്ഞത് ശരിയാണ്; ഇത് കേരളമല്ല, അമേരിക്കയാണ്.

“രാമന്റെ സ്ക്കൂളിൽ ചെന്ന് അവനെ കണക്ക് പഠിപ്പിക്കുന്ന അദ്ധ്യാപകനെ കണ്ട് സംസാരിച്ചാലോ? ഒരുപക്ഷേ അയാൾക്ക് വല്ല നിർദ്ദേശവും തരാനുണ്ടാവും.”

രവിമാസ്റ്റർ ചോദിച്ചു.

അതിന് മറുപടി പറഞ്ഞത് മരുമകളായിരുന്നു. ഒരു വലിയ കമ്പനിയുടെ മാനേജർ ആണ് മരുമകൾ.

“അച്ഛാ, ചേട്ടൻ പറഞ്ഞതുപോലെ ഇത് അമേരിക്കയാ, കേരളമല്ല. അച്ഛൻ അങ്ങോട്ട് ചെന്നാലൊന്നും രാമന്റെ കണക്ക് വാദ്ധ്യാരെ കാണാൻ പറ്റുകയില്ല. അതിന് ചില ചട്ടങ്ങളൊക്കെയുണ്ട്. ആദ്യം സ്റ്റുഡൻസ് റിലേഷൻസ് കൌൺസിലറെ കാണണം. അയാൾക്ക് അല്ലെങ്കിൽ അവൾക്ക് നൂറ് ചോദ്യങ്ങൾ കാണും. കൌൺസിലർക്ക്

അദ്ധ്യാപകനും വിദ്യാർത്ഥിയുടെ രക്ഷിതാവും തമ്മിലുള്ള കൂടിക്കാഴ്ച അനിവാര്യമാണെന്ന് ബോദ്ധ്യപ്പെട്ടാൽ മറ്റൊരു അപ്പോയിന്റ്മെന്റ് എടുക്കണം അദ്ധ്യാപകനെ കാണാൻ. ഇനി അച്ഛന് ഇഷ്ടപ്പെടാത്ത ഒരു കാര്യം കൂടി പറയാം."

"എന്താണത്?"

"കുട്ടിയുടെ മുത്തച്ഛനാണെന്ന് പറഞ്ഞാലൊന്നും അവർ അച്ഛനോട് സംസാരിക്കാൻ കൂട്ടാക്കത്തില്ല. കാരണം മുത്തച്ഛൻ സ്ക്കൂളിന്റെ പ്രൈമറി കോൺഡാക്റ്റ് ചട്ടമനുസരിച്ച് കുട്ടിയുടെ നിയമാനുസൃത രക്ഷാകർത്താവല്ല. മാത്രമല്ല ഒരു ഹൈസ്ക്കൂൾ വിദ്യാർത്ഥിയുടെ സ്വകാര്യതയുടെ ഭാഗമാണ് അവന്റെ വിദ്യാഭ്യാസമെന്നും അതിൽ മറ്റുള്ളവർ ഇടപെടരുതെന്നും അവർ പറഞ്ഞുകൂടെന്നില്ല."

"എന്നാൽ മുത്തച്ഛൻ പേരക്കുട്ടിയുടെ ബന്ധുവേ അല്ല എന്നു പറഞ്ഞാൽ പോരേ? അതല്ലേ എളുപ്പം?"

രവിമാസ്റ്ററുടെ ചോദ്യത്തിന് ആരും മറുപടി പറഞ്ഞില്ല.

"ഈ കോവിഡ് കാലത്ത് അവരാരും അപ്പോയിന്റ്മെന്റ് തരികയുമില്ല."

രവിമാസ്റ്ററുടെ മകൻ അച്ഛനെ തെര്യപ്പെടുത്തി.

"അമേരിക്കക്കാർ എന്തു പറഞ്ഞാലും എന്റെ പേരക്കുട്ടി എന്റെ പേരക്കുട്ടി അല്ലാണ്ടാവുമോ? നിങ്ങൾ ആ കുഞ്ഞിന് എന്തെങ്കിലും പറഞ്ഞുകൊടുക്കാൻ നോക്ക്."

ലക്ഷ്മിക്കുട്ടിയമ്മയുടെ പുത്രവാത്സല്യം നിറഞ്ഞുതുളുമ്പി.

"രാമാ, നിന്റെ കണക്കിന്റെ പുസ്തകം ഇങ്ങുകൊണ്ടുവരൂ. മുത്തച്ഛനൊന്ന് കാണട്ടെ."

രവിമാസ്റ്റർ ആവശ്യപ്പെട്ടു.

“കണക്കിന് പുസ്തകമൊന്നും ഇല്ല മുത്തച്ഛാ. എല്ലാം ഓൺലൈനിലാണ്.”

രാമന്റെ മറുപടി.

നൂറ് ചോദ്യങ്ങൾക്കും നൂറ് ഉത്തരങ്ങൾക്കും ശേഷം ചില വിവരങ്ങൾ രവിമാസ്റ്റർ കണ്ടുപിടിച്ചു. പാർത്ഥസാരഥി ക്ഷേത്രദർശനത്തിനിടയിൽ കണ്ടുമുട്ടിയ പലരിൽ നിന്നുമാണ് ഈ വിവരങ്ങളൊക്കെ രവിമാസ്റ്റർ ശേഖരിച്ചത്.

കേരളത്തിലെപ്പോലെ കേന്ദ്രീകൃതവും കർശനവുമായ ഒരു പാഠ്യപദ്ധതി അമേരിക്കയിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനില്ല. ഓരോ സ്ക്കൂൾ ഡിസ്ട്രിക്ടിനും ഓരോ പാഠ്യപദ്ധതി (Core curriculum) ഉണ്ടാവും. എന്നാൽ അത് അദ്ധ്യാപകനുള്ള മാർഗ്ഗനിർദ്ദേശം മാത്രമാണ്. സ്ക്കൂളും സ്ക്കൂൾഡിസ്ട്രിക്റ്റും അദ്ധ്യാപകരും മാറുന്നതനുസരിച്ച് പാഠ്യപദ്ധതിയിലും മാറ്റം വരാം.

അമേരിക്കയിലെ ഹൈസ്ക്കൂളുകളിൽ പൊതു പരീക്ഷകൾ (Public Examinations) ഇല്ല. കേരളത്തിലെ പൊതുപരീക്ഷകൾ സംസ്ഥാനത്തിലെ എല്ലാ സ്കൂളുകൾക്കും ബാധകമാണ്. പൊതുപരീക്ഷയുടെ ചോദ്യങ്ങൾക്ക് രഹസ്യസ്വഭാവവും നടത്തിപ്പിന് കർശനമായ നിയമങ്ങളും കേരളത്തിലുണ്ട്. എന്നാൽ ഈവക ഏർപ്പാടൊന്നും അമേരിക്കയിൽ ഇല്ല.

നിയതമായ പാഠപുസ്തകങ്ങൾ അമേരിക്കൻ സ്ക്കൂളുകളിൽ ഉണ്ടാവണമെന്നില്ല. അവിടെ അദ്ധ്യാപകർക്ക് വലിയ സ്വാതന്ത്ര്യമാണ് നല്കിയിരിക്കുന്നത്. പാഠ്യപദ്ധതികളും പാഠപുസ്തകങ്ങളുമെല്ലാം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അദ്ധ്യാപകർക്കുണ്ട്.

അദ്ധ്യാപകർക്ക് പഠിപ്പിക്കുന്ന വിഷയത്തിലുള്ള അവഗാഹം നിർണ്ണയിക്കാൻ ഒരു മാനദണ്ഡവും അമേരിക്കയിൽ ഇല്ല.

രാമനെ ട്രിഗണോമെട്രിയാണ് പഠിപ്പിക്കേണ്ടതെന്ന മഹാരഹസ്യം രവിമാസ്റ്റർ കണ്ടുപിടിച്ചു. രാമന് ഈ വർഷം പഠിക്കേണ്ട ഗണിതശാസ്ത്രം അതാണ്.

“എന്റെ രാമനെ ട്രിഗണോമെട്രി ഞാൻ പഠിപ്പിക്കും. എനിക്ക് അങ്ങനെ എന്റെ പേരക്കുട്ടിയെ കൈവിട്ടുകളയാൻ പറ്റുമോ?”

രവിമാസ്റ്റർ പറഞ്ഞതുകേട്ട് ലക്ഷ്മിക്കുട്ടിയമ്മ പുഞ്ചിരിച്ചു.

“മകന്റെ വീട്ടിൽ ചെല്ലുമ്പോൾ ‘മാസ്ക്ക്’ വയ്ക്കാൻ മറക്കല്ലേ.”

അവർ ഭർത്താവിന് മുന്നറിയിപ്പ് നല്കി.

ഈ കാലഘട്ടത്തിന്റെ ഒരു സുപ്രധാന സംഭാവനയാണ് മാസ്ക്ക് അഥവാ മുഖപ്പട്ട. അത് ധരിക്കുന്നതുകൊണ്ട് പകർച്ചവ്യാധിയെ തടയാൻ കഴിയും. മറ്റ് ഗുണങ്ങളുമുണ്ട്.

ഒരു മനുഷ്യന്റെ മുഖം വേറൊരു മനുഷ്യൻ കാണുകയില്ല.

ഒരുകാലത്ത് മനുഷ്യന്റെ മുഖം സുന്ദരമായിരുന്നു. ഗുഹാമനുഷ്യന്റെ മുഖം അതീവസുന്ദരമായിരുന്നു. പരിണാമചക്രത്തിൽ ഉരുണ്ടുരുണ്ട് അത് വിരൂപമായിക്കൊണ്ടിരിക്കുന്നു.

വിരൂപമായ മുഖം മറയ്ക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

വസ്ത്രത്തിനും നിറത്തിനും ‘മാച്ച്’ ചെയ്യുന്ന മുഖപ്പട്ടകൾ ചന്തകളിൽ സുലഭമാണ്. കോപവും താപവും മോഹവും കാമവും മറയ്ക്കുവാൻ മുഖപ്പട്ടയ്ക്ക് കഴിയും.

മകന്റെ വീട്ടിൽ എത്തിക്കഴിഞ്ഞയുടനെ രവിമാസ്റ്റർ കോവണിയുടെ ചുവട്ടിൽ നിന്നുകൊണ്ട് വീടിന്റെ മുകളിലത്തെ നിലയിലേക്ക് നോക്കി വിളിച്ചു.

“രാമാ, ഇറങ്ങിവരൂ. മുത്തച്ഛനെത്തിക്കഴിഞ്ഞു.”

അനക്കമില്ല.

“Raman, I am here to teach you Mathematics. Please come down.”

രവിമാസ്റ്റർ ഇംഗ്ലീഷിൽ വിളിച്ചുപറഞ്ഞു.

അധികം ഉച്ചത്തിൽ വിളിക്കാനാവില്ല. ഇടതുവശത്തെ മുറിയിൽ മരുമകളും വലതുവശത്തെ മുറിയിൽ മകനും ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. സ്വന്തം ഭവനത്തിൽ തന്നെയിരുന്ന് ജോലി ചെയ്യാനുള്ള സംവിധാനം കോവിഡ്-19 എന്ന മഹാമാരിയുടെ സംഭാവനയാണ്. സാമൂഹ്യജീവിതത്തിലെ ഏകാന്തതയാണ് കാലത്തിന്റെ അനിവാര്യത.

മനുഷ്യൻ മനുഷ്യനിൽ നിന്ന് അകന്നുനില്ക്കണം;

ഭാര്യ ഭർത്താവിൽ നിന്ന്.

മക്കൾ മാതാപിതാക്കളിൽ നിന്ന്.

ചാർച്ചകളില്ല.

അടുപ്പമില്ല, ബന്ധങ്ങളില്ല.

ഉച്ചത്തിൽ വിളിച്ച് ശബ്ദമുണ്ടാക്കിയാൽ മകനും മരുമകൾക്കും ഇഷ്ടപ്പെട്ടെന്നു വരില്ല.

ഏകദേശം അഞ്ച് മിനിറ്റ് കഴിഞ്ഞുകാണും രാമൻ സോപാനത്തിന്റെ മുകളിൽ പ്രത്യക്ഷപ്പെട്ടു. ആവണക്കെണ്ണ കുടിച്ച മുഖഭാവം അവനുണ്ടായിരുന്നു.

“എവിടെ നിന്റെ നോട്ട്ബുക്ക്?”

വെറുംകൈയോടെ ഗണിതശാസ്ത്രം പഠിക്കുവാൻ ഇറങ്ങിവന്ന പേരക്കുട്ടിയോട് രവിമാസ്റ്റർ ചോദിച്ചു. മനസ്സിൽ രോഷം നുരഞ്ഞുപൊങ്ങി.

“ആനയെ തളയ്ക്കാൻ തോട്ടി വേണം, കുട്ടിയെ വളർത്താൻ വടിവേണം.”

തന്റെ മുത്തശ്ശി പറയുമായിരുന്ന നാടൻശൈലി മാസ്റ്ററുടെ മനസ്സിൽ പൊന്തിവന്നു. പക്ഷേ ഇത് അമേരിക്കയാണ്, കേരളത്തിലെ കുഗ്രാമമല്ല. ഇവിടെ,

“നേരം നോക്കണം

നില നോക്കണം

തന്നെ നോക്കണം

താൻ നോക്കണം."

മറ്റൊരു ആപ്തവാക്യവും മനസ്സിൽ കടന്നുവന്നു.

നോട്ട്ബുക്ക് എടുത്തുകൊണ്ട് വരാൻ പേരക്കുട്ടി പിന്നെയും എടുത്തു, അഞ്ച് മിനിറ്റ്.

"പെൻസിലോ പേനയോ കൊണ്ടുവന്നില്ല?"

രവിമാസ്റ്റർ പേരക്കുട്ടിയോട് ചോദിച്ചു.

"മുത്തച്ഛൻ പറഞ്ഞില്ലല്ലോ."

രാമന്റെ പ്രതികരണം.

"പോയി പെൻസിൽ എടുത്തുകൊണ്ട് വാടാ."

ശബ്ദം അല്പം ഉച്ചത്തിലായിപ്പോയി.

രാമന്റെ മുഖം കറത്തു.

പെട്ടെന്ന് രാമന്റെ അച്ഛൻ അയാളുടെ മുറിയുടെ വാതില്ക്കൽ പ്രത്യക്ഷപ്പെട്ടു.

"എന്താണ് ഇവിടെ നടക്കുന്നത്?"

അയാൾ കനത്ത ശബ്ദത്തിൽ ആരാഞ്ഞു. ചോദ്യം ആരോടുമാകാം.

"ഞാൻ ഇവിടെ അടച്ചിട്ട മുറിയിലിരുന്ന് ജോലി ചെയ്യുകയാണ്."

അയാൾ ശക്തമായ മുന്നറിയിപ്പ് നല്കി, ആരോടെന്നില്ലാതെ.

മുറിയുടെ വാതിലുകൾ കനത്ത ശബ്ദത്തോടെ അടഞ്ഞു.

ട്രിഗണോമെട്രി (ത്രികോണമാനഗണിതം) എന്ന ഗണിതശാസ്ത്രമാണ് രാമന് ഈ വർഷം പഠിക്കേണ്ടത്. ഗണിതശാസ്ത്രത്തിൽ വളരെ

ലളിതമായും രസകരവുമായി പഠിക്കാവുന്ന ഒരു ശാഖയാണ് ട്രിഗണോമെട്രി.

ത്രികോണങ്ങളുടെ വശങ്ങളും കോണുകളും തമ്മിലുള്ള ബന്ധങ്ങളെ നിർവചിക്കുന്ന ഗണിതശാസ്ത്രശാഖയാണ് ട്രിഗണോമെട്രി.

സൈൻ, കൊസൈൻ, ടാൻജന്റ് (Sine, Cosine, Tangent) മുതലായ ലാറ്റിൻ പദങ്ങളെക്കൊണ്ട് നിർവചിക്കുന്ന ത്രികോണബന്ധങ്ങളാണ് ട്രിഗണോമെട്രിയുടെ ബാലപാഠങ്ങൾ. ക്രമേണ പ്രോഡക്റ്റ് ഫോർമുല, ഓയ്ലേഴ്സ് തീയറം മുതലായ സങ്കീർണ്ണമായ സമവാക്യങ്ങളിലേക്ക് ട്രിഗണോമെട്രി കടന്നുചെല്ലുന്നു.

രവിമാസ്റ്ററുടെ മസ്തിഷ്ക്കത്തിൽ ട്രിഗണോമെട്രി നുരഞ്ഞുപൊങ്ങാൻ തുടങ്ങി.

“എന്റെ പേരക്കുട്ടിയെ ഞാൻ ട്രിഗണോമെട്രി മുഴുവൻ പഠിപ്പിക്കും. അവന്റെ മനസ്സിലും ട്രിഗണോമെട്രി നുരഞ്ഞുപൊങ്ങട്ടെ.”

രവിമാസ്റ്റർ മനസ്സിൽ പറഞ്ഞു.

രവിമാസ്റ്റർ ടാർജറ്റിൽ നിന്ന് ഗണിതോപകരണങ്ങൾ വാങ്ങി. ഹൈസ്ക്കൂളിലെ ഗണിതാഭ്യസനത്തിന് അതൊക്കെ അനിവാര്യമാണ്. കോണുകൾ അളക്കാൻ പ്രൊട്രാക്റ്റർ.

മട്ടത്രികോണങ്ങൾ, പ്ലാസ്റ്റിക്കിൽ നിർമ്മിച്ചത്.

വൃത്തം വരയ്ക്കാൻ കോമ്പസസ്.

ഇഞ്ച്, സെന്റിമീറ്റർ സ്കെയിലുകൾ.

ഡിവൈഡേഴ്സ്.

ഗണിതശാസ്ത്ര പട്ടിക.

“എന്റെ പേരക്കുട്ടി ഗണിതശാസ്ത്രത്ത്ൽ മറ്റൊരു രാമാനുജനാകണം.”

രവിമാസ്റ്റർ സഹധർമ്മിണിയോട് പറഞ്ഞു. അവർ പുഞ്ചിരിച്ച് പ്രോത്സാഹിപ്പിച്ചു.

രാമാനുജൻ ആധുനികഭാരതം കണ്ട ഏറ്റവും വലിയ ഗണിതശാസ്ത്രജ്ഞനായിരുന്നു.

മുത്തച്ഛനും മുത്തശ്ശിയും പേരക്കുട്ടിയെക്കുറിച്ച് സ്വപ്നങ്ങൾ നെയ്തുകൂട്ടി.

ദിനരാത്രങ്ങൾ കൊഴിഞ്ഞുവീണുകൊണ്ടിരുന്നു.

മകന്റെ ചാരുതയാർന്ന ഭവനത്തിന്റെ സർപ്പിളാകൃതിയിലുള്ള സോപാനത്തിന് ചുവട്ടിൽ രവിമാസ്റ്റർ എന്ന കണക്ക് വാദ്ധ്യാർ എല്ലാ ദിവസവും മുകളിലോട്ട് മിഴിനട്ട് നില്ക്കും.

നാളത്തെ രാമാനുജൻ ഇറങ്ങിവരാതിരിക്കുകയില്ല.

രാമന്റെ ഗണിതാഭ്യസനം 'സൈനിലും കൊസൈനിലുമായി' (Sine and Cosine) കറങ്ങി നിന്നു. അത് മുമ്പോട്ട് ഗമിക്കുന്നില്ല.

ഒരുദിവസം ക്ഷമ നശിച്ചപ്പോൾ രവിമാസ്റ്ററിലെ കേരളഗ്രാമീണൻ ഉണർന്നു. അയാൾ അല്പം ഉറക്കെ വിളിച്ചുപറഞ്ഞു.

"രാമാ, ഇറങ്ങി വരൂ. എന്റെ ക്ഷമയ്ക്ക് അതിരുണ്ട്. നിന്റെ അഹങ്കാരവും ധിക്കാരവും കൂടുന്നുണ്ട്."

"ഞാൻ അവന്റെ മുത്തച്ഛനാണ്. പേരക്കുട്ടിയെ ശാസിക്കാനും ശിക്ഷിക്കുവാനുമുള്ള അവകാശം മുത്തച്ഛനുണ്ട്. അത് ദൈവദത്തമാണ്."

രവിമാസ്റ്റർ അന്തരംഗത്തിൽ മന്ത്രിച്ചു.

രവിമാസ്റ്റർക്ക് തെറ്റുപറ്റി. അമേരിക്കയിൽ പേരക്കുട്ടികളോട് മുത്തച്ഛന്മാർ അങ്ങനെ സംസാരിക്കാറില്ല. അവിടെ മുത്തച്ഛന് ഒരു അധികാരവും അവകാശവും പേരക്കുട്ടിയുടെ മേലില്ല. മുത്തച്ഛൻ ഒരു ബന്ധു മാത്രമാണ്; അവകാശങ്ങളോ അധികാരങ്ങളോ ഇല്ലാത്ത ബന്ധു. ആണ്ടിലൊരിക്കൽ ഒരു ജന്മദിനാശംസയിൽ ഒതുങ്ങി നില്ക്കുന്ന ദുർബലമായ ഒരു ബന്ധമാണത്.

ഉച്ചത്തിലുള്ള സംഭാഷണം കേട്ട് രവിമാസ്റ്ററുടെ മരുമകൾ മുറിയുടെ വാതിലുകൾ തുറന്ന് ഇറങ്ങിവന്നു.

"ഇവിടെ എന്താണ് സംഭവിക്കുന്നത്?"

അവൾ രാമനെ നോക്കി ചോദിച്ചു.

"മുത്തച്ഛൻ എന്റെനേരെ 'ഷൌട്ട്' ചെയ്തു.

രാമൻ രവിമാസ്റ്റർക്കെതിരെ മൊഴിനല്കി.

പോലീസ് ഉദ്യോഗസ്ഥൻ കൊടും കുറ്റവാളിയെ നോക്കുന്നതുപോലെ മരുമകൾ രവിമാസ്റ്ററെ നോക്കി. രവിമാസ്റ്റർ വിറച്ചു.

"ഞാൻ കണക്ക് പഠിപ്പിക്കാൻ വന്നതാണ്; ട്രിഗണോമെട്രി. പക്ഷേ രാമൻ സഹകരിക്കുന്നില്ല."

രവിമാസ്റ്റർ പറഞ്ഞൊപ്പിച്ചു.

"ഇവിടെ വാടാ."

മരുമകൾ പേരക്കുട്ടിയോട് ആജ്ഞാപിച്ചു.

അടുത്തുചെന്ന പേരക്കുട്ടിയെ തല്ലാൻ മരുമകൾ കൈയുയർത്തി.

ആ കൈകൾ തന്റെനേരെ ഉയരുന്നതാണെന്ന് രവിമാസ്റ്റർക്ക് തോന്നി.

"അരുത്, കുഞ്ഞിനെ തല്ലരുത്."

രവിമാസ്റ്റർ വിളിച്ചുപറഞ്ഞു.

"വീട്ടിൽ വന്ന് ചെറുക്കനുമായി വഴക്കുണ്ടാക്കിയിട്ട്, ഇപ്പോൾ തല്ലരുത് പോലും."

മരുമകളുടെ വാക്കുകൾക്ക് വിഷം പുരട്ടിയ അമ്പുകളുടെ മാരകശേഷി ഉണ്ടായിരുന്നു.

ശിഷ്യഗണങ്ങളുടെ ആരാധ്യനായ റിട്ടയേർഡ് പ്രൊഫസർ രവിമാസ്റ്റർ ഇറങ്ങി നടന്നു.

മനസ്സിൽ സൂക്ഷിച്ചുവച്ചിരുന്ന രാമാനുജവിഗ്രഹം താഴെ വീണ് ഉടഞ്ഞു.